നം.ആഡിറ്റ്–വി1/105821/2012/കോ.വി.വ

കോളേജ് വിദ്യാഭ്യാസ വകുപ്പ്
ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം
തീയതി 22/11/12

## സർക്കുലർ

സൂചന:– 08/10/12–ലെ സർക്കാർ കത്ത് നമ്പർ 45712/IAC-A3/2012/Fin

ഡിപ്പാർട്ടുമെന്റൽ ആഡിറ്റ് റിപ്പോർട്ടിൽ ഉന്നയിച്ചിട്ടുള്ള തടസ്സവാദങ്ങൾക്കുള്ള മറുപടി മിക്കസ്ഥാപനങ്ങളിലും 5 മുതൽ 30 ഓളം വർഷത്തെ കുടിശ്ശിക നിലവിലുണ്ട്. എന്നാൽ ടി കുടിശ്ശിക അടിയന്തിരമായി തീർപ്പാക്കണമെന്ന് സർക്കാരും അക്കൗണ്ടന്റ് ജനറലും നിരന്തരമായി നിർദ്ദേശിച്ചുകൊണ്ടിരിക്കുന്നു. ഈ സാഹചര്യത്തിൽ, കോളേജ് വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ അധികാര പരിധിയിലുള്ള സർക്കാർ സ്ഥാപനങ്ങളിലെയും സർക്കാർ ലോ കോളേജുകളിലേയും തീർപ്പാകാതെ നിലനിൽക്കുന്ന വകുപ്പുതല ആഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനായി 2013-ജനുവരി മാസം മുതൽ കോളേജ് വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറേറ്റിൽ വച്ച് ആഡിറ്റ് അദാലത്ത് നടത്തുവാൻ നിശ്ചയിച്ചിരിക്കുന്നു. ആയതിനാൽ നാളിതുവരെ തീർപ്പാക്കപ്പെടാത്ത വകുപ്പുതല ആഡിറ്റിലെ തടസ്സവാദങ്ങൾക്കുള്ള മറുപടി അനുബന്ധരേഖകൾ സഹിതം ഡിസംബർ 31–ാം തീയതിയയ്ക്കകം തയ്യാറാക്കി വയ്ക്കേണ്ടതും ആയത് ആവശ്യപ്പെടുന്ന മുറയ്ക്ക് അതാതുസ്ഥാപനങ്ങളിലെ സൂപ്പർവൈസറി ഓഫീസറും ബന്ധപ്പെട്ട സെക്ഷൻ ക്ലാർക്കും കൂടി ഈ ഓഫീസിൽ എത്തിക്കേണ്ടതാണ്.

സ്ഥാപനമേധാവികളും എ.എ / സൂപ്രണ്ട്/ എച്ച്.എ / സെക്ഷൻ ക്ലാർക്ക് എന്നിവരും ആഡിറ്റ് അദാലത്തിന് പ്രത്യേക പ്രാധാന്യം നൽകേണ്ടതാണ്. ഏതെങ്കിലും സ്ഥാപനത്തിന്റെ ഭാഗത്തു വീഴ്ചയുണ്ടായാൽ പ്രിൻസിപ്പാളിന്റെ ശമ്പളം തടഞ്ഞു വയ്ക്കുന്നത് ഉൾപ്പെടെയുള്ള നടപടികൾക്കായി സർക്കാരിലേയ്ക്കു ശുപാർശ ചെയ്യുന്നതാണ്.

ഒപ്പ്/

എഫ്.മുഹമ്മദ്റാഫി
സീനിയർ ഫിനാൻസ് ഓഫീസർ
കോളേജ് വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർക്ക് വേണ്ടി

//അംഗീകാരത്തോടെ//

സൂപ്രണ്ട്.

ജെ.എൽ28/11/12